# 2024 – 2025 അധ്യായന വർഷത്തിൽ CCEK-NSDC കോഴ്‌സുകളിലേക്ക് പ്രവേശനം നേടുന്നതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കായുള്ള നിർദ്ദേശങ്ങൾ :

## 1. വിദ്യാർത്ഥികളുടെ പ്രവേശന നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് :

- കോഴ്സിന് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ കോളേജുകളിൽ നിഷ്കർഷിച്ചിട്ടുള്ള തീയതികളിൽ തന്നെ നിർദ്ദിഷ്ട രേഖകൾ സഹിതം കോളേജും CCEK യും നിർദ്ദേശിക്കുന്ന അഡ്മിഷൻ ഫീയും ചേർത്ത് നേരിട്ട് വന്ന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.
- തുടർന്ന് വിദ്യാർത്ഥി കൊണ്ടുവന്നിട്ടുള്ള രേഖകൾ കോളേജ് അധികൃതർ വെരിഫിക്കേഷൻ നടത്തുകയും വിദ്യാർത്ഥികൾക്ക് സീറ്റ് അലോട്ട് ചെയ്യുകയും, ശേഷം വിദ്യാർത്ഥി അഡ്മിഷൻ ഫീസ് അടച്ച് ഫീസ് രസീത് കൈപ്പറ്റേണ്ടതുമാണ്.
- ഇത്തരത്തിൽ ഫീസ് രസീത് കൈപ്പറ്റുമ്പോൾ കോളേജിൽ നിന്നും ലഭിക്കുന്ന ഫീസ് കാർഡിലും, ഫീസ് രസീതിലും, അപേക്ഷാ ഫോം നമ്പർ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- ഫീസ് കാർഡ്, ഫീസ് രസീത്, എന്നിവ വിദ്യാർത്ഥി ആദ്യ ക്ലാസ്സിനു പ്രവേശിക്കുന്ന ദിവസം അധ്യാപകന് പരിശോധനക്ക് വേണ്ടി സബ്മിറ്റ് ചെയ്യുന്നതിലേക്കായി സൂക്ഷിച്ചുവക്കേണ്ടതാണ്. ജനറൽ കാറ്റഗറിയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ ഫീസ് കാർഡിൽ "**GENERAL SEAT CONFIRMED**" എന്നും, റിസർവേഷൻ കാറ്റഗറിയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ "**RESERVATION SEAT CONFIRMED**" എന്നും ആദ്യ ക്ലാസ്സിൽ പ്രവേശിക്കുന്ന സമയത്ത് അധ്യാപകരിൽ നിന്നും സീൽ ചെയ്ത് വാങ്ങേണ്ടതാണ്.
- അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച അവരുടെ ഫീസ് കാർഡിൽ അപ്ഡേറ്റ് ആയ ഫീസ് ഡീറ്റെയിൽസ് തന്നെയല്ലേ സ്റ്റുഡൻസ് സൈറ്റിലും **(www.student.ccekcampus.org)** ഉള്ളത് എന്ന് ആദ്യ ക്ലാസിന് വരുമ്പോൾ തന്നെ സൈറ്റിൽ ലോഗിൻ ചെയ്ത് ഉറപ്പുവരുത്തേണ്ടതാണ്.

## 2. കോഴ്സിന് പ്രവേശനം നേടിയ വിദ്യാർത്ഥികൾ www.ccekcampus.org എന്ന CCEK-യുടെ ഔദ്യോഗിക വെബ്പോർട്ടലിൽ എൻറോൾമെൻറ് പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത എന്താണ്?

- കോഴ്സുമായി ബന്ധപ്പെട്ട് കേരള ഉന്നത വിദ്യാഭ്യാസ ഉപകേന്ദ്രത്തിൽ നിന്നും, കോളേജുകളിൽ നിന്നും, **NSDC-TP** യിൽ നിന്നുമുള്ള ഒഫീഷ്യൽ കമ്മ്യൂണിക്കേഷനുകൾ എല്ലാം തന്നെ വിദ്യാർത്ഥികൾ വെബ്സൈറ്റിൽ എൻറോൾമെൻറ് പൂർത്തീകരിച്ചുകൊണ്ട് ക്രിയേറ്റ് ചെയ്തിട്ടുള്ള സ്റ്റുഡന്റ് അക്കൗണ്ട് (**www.student.ccekcampus.org**) വഴി ആയിരിക്കും വിദ്യാർത്ഥികളെ അറിയിക്കുന്നത്.
- കോഴ്സിന് നിർദ്ദിഷ്ട ഫീസടച്ച് പ്രവേശനം നേടിയിട്ടുള്ള എല്ലാ വിദ്യാർത്ഥികളും നിർബന്ധമായും **www.ccekcampus.org** എന്ന വെബ്സൈറ്റിൽ **SECTION-III** എന്ന ഓപ്ഷൻ ഉപയോഗിച്ച് എൻറോൾമെൻറ് പ്രോസസ്സ് പൂർത്തീകരിക്കുകയും, തുടർന്ന് രജിസ്റ്റേർഡ് Email- ID ലേക്ക് ലഭ്യമാകുന്ന യൂസർ ഐഡിയും, പാസ്സ്‌വേഡും ഉപയോഗിച്ച് സ്റ്റുഡന്റ് അക്കൗണ്ടിൽ (www.student.ccekcampus.org) ലോഗിൻ ചെയ്തതിനുശേഷം വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുത്ത അഡ്മിഷൻ സ്ലിപ്പ് ആദ്യ ക്ലാസിന് പ്രവേശിക്കുന്ന സമയത്ത് വിദ്യാർഥി അധ്യാപകന്റെ കൈവശം സമർപ്പിക്കുന്നതോടുകൂടിയാണ് വിദ്യാർത്ഥിയുടെ കോഴ്സുമായി ബന്ധപ്പെട്ട പ്രവേശന നടപടിക്രമങ്ങൾ വിജയകരമായി പൂർത്തിയാകുന്നത്.
- കോഴ്സുമായി ബന്ധപ്പെട്ട സർക്കുലറുകൾ, നോട്ടിഫിക്കേഷനുകൾ, എക്സാം രജിസ്ട്രേഷൻ, റിസൾട്ട് പബ്ലിഷിംഗ്, തുടങ്ങിയ എല്ലാത്തരം ആക്ടിവിറ്റികളെക്കുറിച്ചുമുള്ള വിവരങ്ങൾ ലഭിക്കുന്നതിന് വെബ് പോർട്ടലിൽ വിദ്യാർത്ഥികൾ ഓൺലൈൻ എൻറോൾമെൻറ് പ്രോസസ്സ് നിർബന്ധമായും പൂർത്തീകരിക്കണം. കൂടാതെ റെഗുലർ ആയി പ്രസ്തുത സ്റ്റുഡൻറ് അക്കൗണ്ട് സന്ദർശിക്കേണ്ടതുമാണ്.

## 3. അപേക്ഷാ ഫോമുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കായുള്ള നിർദ്ദേശങ്ങൾ :

- സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ വിവിധ പോസ്റ്റ് ഗ്രാജ്വേറ്റ്/പ്രൊഫഷണൽ/അഡ്വാൻസ്ഡ് ഡിപ്ലോമ ,പ്രൊഫഷണൽ സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് ജനറൽ കാറ്റഗറിയിൽ പ്രവേശനം നേടുന്നതിനായി ജനറൽ അപേക്ഷാ ഫോമുകളും, റിസർവേഷൻ കാറ്റഗറി പ്രവേശനം നേടുന്നതിനായി റിസർവേഷൻ കാറ്റഗറി എൻറോൾമെൻറ് ഫോമുകളും വിദ്യാർത്ഥികൾക്ക് പ്രത്യേകമായി ലഭിക്കുന്നതാണ് .
- കോഴ്സിന് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അപേക്ഷാ ഫോമുകൾ വെബ്സൈറ്റിൽ (www.ccekcampus.org) നിന്ന് ഡൗൺലോഡ് ചെയ്ത് എടുക്കുകയോ, അല്ലെങ്കിൽ കോളേജിലെ തുടർവിദ്യാഭ്യാസ ഉപകേന്ദ്രത്തിന്റെ ഓഫീസിൽ (CE-Cell)നിന്ന് നേരിട്ട് വാങ്ങുകയോ ചെയ്യേണ്ടതാണ്. കോഴ്സിന് പ്രവേശനം നേടുന്നതിനായുള്ള അപേക്ഷാ ഫോമുകൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി ലഭിക്കുന്നതാണ്.
- കോഴ്സിന് പ്രവേശനം നേടുന്നതിനായി പൂരിപ്പിച്ച അപേക്ഷാ ഫോമുകൾ പഠിക്കുവാനാഗ്രഹിക്കുന്ന കോളേജിൽ എന്നാണ് സമർപ്പിക്കേണ്ടതെന്ന് അറിയുന്നതിനായി 86 06 919 314 എന്ന ഹെൽപ് ലൈൻ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.
- കോഴ്സിന് പ്രവേശനം നേടുന്നതിനായി പൂരിപ്പിച്ച അപേക്ഷാ ഫോമിനോടൊപ്പം വിദ്യാർത്ഥികൾ യോഗ്യത തെളിയിക്കുന്നതിനാവശ്യമായ എലിജിബിലിറ്റി സർട്ടിഫിക്കറ്റുകൾ കൂടി നിർദ്ദിഷ്ട കേന്ദ്രങ്ങളിൽ നിർദ്ദേശങ്ങൾക്കനുസരിച്ച് സമപ്പിക്കേണ്ടതാണ്.പൂരിപ്പിച്ച അപേക്ഷ ഫോമുകൾ വിദ്യാർത്ഥികൾ കോളേജിന്റെ തുടർ വിദ്യാഭ്യാസ ഉപകേന്ദ്രത്തിന്റെ ഓഫീസിൽ നിർദ്ദേശങ്ങൾക്കനുസൃതമായി വിവരങ്ങൾ തെറ്റുകൂടാതെ രേഖപ്പെടുത്തി നൽകേണ്ടതാണ്.

- പൂരിപ്പിച്ച അപേക്ഷാ ഫോം കോളേജിൽ സമർപ്പിച്ചതിനു ശേഷം കോഴ്സിന് പ്രവേശനം ലഭിക്കുന്നതിനായുള്ള അഡ്മിഷൻ തിയ്യതി കോളേജിലെ തുടർ വിദ്യാഭ്യാസ ഉപകേന്ദ്രത്തിൽ (CE -Cell) നേരിട്ട് അന്വേഷിച്ചുകൊണ്ടും തുടർന്ന് CCEK –യുടെ 8606919314 എന്ന ഹെൽപ്പ് ലൈൻ നമ്പറിൽ ബന്ധപ്പെട്ടുകൊണ്ടും ഉറപ്പുവരുത്തേണ്ടത് വിദ്യാർത്ഥിയുടെ ഉത്തരവാദിത്തമാണ് .
- സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള (**CCEK** ) അധികൃതരും ,NSDC-TP അധികൃതരും, കോളേജ് അധികൃതരും കൂടി തീരുമാനിച്ചിരിക്കുന്ന വ്യവസ്ഥ പ്രകാരം ഒരു ബാച്ചിൽ കുറഞ്ഞത് 25 വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ മാത്രമേ ബാച്ച് ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിൽ ബാച്ച് തുടങ്ങുവാൻ സാധിക്കാത്ത പക്ഷം വിദ്യാർത്ഥിയെ ലഭ്യമാകുന്ന മറ്റു ബാച്ചുകളിലേക്ക് ക്രമീകരിക്കുകയോ, അല്ലെങ്കിൽ വിദ്യാർത്ഥിയെ തൊട്ടടുത്ത മറ്റേതെങ്കിലും സബ് സെന്ററുകളിലേക്ക് മാറ്റുകയോ ചെയ്യുന്നു. ഇത്തരത്തിൽ ലഭ്യമാകുന്ന മറ്റു ബാച്ചിലേക്കോ, സബ് സെന്ററിലേക്കോ വിദ്യാർത്ഥിയെ മാറ്റുവാൻ സാധിക്കാത്ത പക്ഷം പ്രസ്തുത വിദ്യാർത്ഥികൾക്ക് അടച്ച ഫീസ് തിരികെ നൽകി പ്രസ്തുത ബാച്ച് ക്യാൻസൽ ചെയ്യുന്നതാണ്.
- ബാച്ച് ക്യാൻസൽ ചെയ്യുന്നത് മൂലം, വിദ്യാർത്ഥികൾക്ക് ഉണ്ടായേക്കാവുന്ന കഷ്ടനഷ്ടങ്ങൾക്ക് സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള (CCEK) അധികൃതർക്കോ, NSDC-TP അധികൃതർക്കോ, കോളേജ് അധികൃതർക്കോ ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല. ബാച്ച് റദ്ദാക്കിയതിനെ തുടർന്ന് വിദ്യാർത്ഥികൾക്ക് ഏതെങ്കിലും തരത്തിലുള്ള ക്ലെയിമുകൾ ഉന്നയിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതല്ല.
- CCEK-യുടെ വിവിധ പോസ്റ്റ് ഗ്രാജ്വേറ്റ്/പ്രൊഫഷണൽ/അഡ്വാൻസ്ഡ് ഡിപ്ലോമ ,പ്രൊഫഷണൽ സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് നിർദ്ദിഷ്ട ഫീസടച്ച് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ക്ലാസുകൾ, അസൈസ്സ്മെന്റുകൾ, കാലാകാലങ്ങളിൽ കേരള തുടർ വിദ്യാഭ്യാസ അധികൃതരും, കോളേജ് അധികൃതരും, NSDC-TP അധികൃതരും കൂടി നിഷ്കർഷിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഓൺലൈൻ, ഓഫ്‌ലൈൻ ,ഹൈബ്രിഡ് എന്നീ രീതികളിലായിരിക്കും നടപ്പിലാക്കുന്നത്.
- കോഴ്സിന് നിർദ്ദിഷ്ട ഫീസടച്ച് പ്രവേശനം നേടിയ വിദ്യാർത്ഥികൾ കോളേജിലെ തുടർ വിദ്യാഭ്യാസ ഉപകേന്ദ്രത്തിന്റെ കാര്യാലയത്തിൽ അനുവദനീയമായ പ്രവർത്തി ദിവസങ്ങളിൽ ഫീസടച്ച് രസീത് കൈപ്പറ്റേണ്ടതും, കൂടാതെ ഫീസടച്ച വിവരങ്ങൾ ഫീസ് കാർഡിൽ പതിപ്പിച്ച് വാങ്ങേണ്ടതുമാണ്. ഫീസ് കാർഡും, ഫീസ് രസീതും കോഴ്സ് പ്രോഗ്രാം കഴിയുന്നതുവരെ സൂക്ഷിച്ചുവെക്കേണ്ടതും സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള അധികൃതരോ, കോളേജ് അധികൃതരോ, **NSDC-TP** അധികൃതരോ ആവശ്യപ്പെടുന്ന പക്ഷം പരിശോധനക്കായി വിദ്യാർത്ഥികൾ സമർപ്പിക്കേണ്ടതുമാണ്. കോഴ്സ് ഫീസ് കോളേജിലെ

തുടർ വിദ്യാഭ്യാസ ഉപകേന്ദ്രത്തിന്റെ (CE-Cell) ഉത്തരവാദിത്തപ്പെട്ട അധികൃതരുടെ കൈവശമല്ലാതെ വിദ്യാർത്ഥികൾ മറ്റാരെയും ഏൽപ്പിക്കുവാൻ പാടുള്ളതല്ല.

a. ഫീസ് രസീത്, ഫീസ് അടച്ച വിവരങ്ങൾ പതിപ്പിച്ച ഫീസ് കാർഡ് എന്നിവ ഇല്ലാത്ത പക്ഷം വിദ്യാർത്ഥികളുടെ യാതൊരു തരത്തിലുമുള്ള ഫീസ് തർക്കങ്ങളും പരാതികളും പരിഗണിക്കുന്നതല്ല.
b. ഫീസ് കാർഡ് നഷ്ടപ്പെടുകയാണെങ്കിൽ കോളേജിലെ തുടർ വിദ്യാഭാസ ഉപകേന്ദ്രത്തിന്റെ കാര്യാലയത്തിൽ അറിയിച്ച് Rs.50/- അടച്ച് വിദ്യാർത്ഥി പുതിയ ഫീസ് കാർഡ് വാങ്ങുകയും തുടർന്ന് ഫീസ് രസീതിന്റെ അസ്സൽ പതിപ്പ് അധികൃതരെ കാണിച്ച് ഫീസടച്ച വിവരങ്ങൾ പുതിയ ഫീസ് കാർഡിൽ രേഖപ്പെടുത്തി സീൽ ചെയ്ത് വാങ്ങേണ്ടതുമാണ്.
c. ഒരു വിദ്യാർത്ഥി സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള (CCEK)യുടെ വിവിധ പോസ്റ്റ് ഗ്രാജുവേറ്റ്/പ്രൊഫഷണൽ/അഡ്വാൻസ്ഡ് ഡിപ്ലോമ ,പ്രൊഫഷണൽ സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് അഡ്മിഷൻ എടുത്തതിനു ശേഷം, വിദ്യാർത്ഥിയുടെ വ്യക്തിപരമായ ആവശ്യങ്ങൾ കൊണ്ടോ, അല്ലെങ്കിൽ മറ്റേതെങ്കിലും കാരണങ്ങൾ കൊണ്ടോ സ്വന്തം ഇഷ്ടപ്രകാരം ബാച്ചിൽ തുടരുവാൻ താല്പര്യപ്പെടാത്ത പക്ഷം പ്രസ്തുത വിദ്യാർത്ഥിക്ക് അതുവരെ അടച്ച ഫീസ് തിരികെ നൽകുന്നതല്ല. മാത്രമല്ല കോഴ്സ് ഫീസുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് യാതൊരു ക്ലെയിമുകളും ഉന്നയിക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

- കോഴ്സിന് നിർദ്ദിഷ്ട ഫീസ് അടച്ച് പ്രവേശനം നേടുകയും, തടർന്ന് വെബ്സൈറ്റിലെ (www.ccekcampus.org) SECTION III എന്ന ഓപ്ഷൻ മുഖേന കോഴ്സ് പ്രോഗ്രാമുമായി ബന്ധപ്പെട്ട വിവിധ നിർദ്ദേശങ്ങളും, നിബന്ധനകളും രേഖപ്പെടുത്തിയിട്ടുള്ള Students Terms Sheet വിദ്യാർത്ഥികൾ വ്യക്തമായി വായിച്ച് മനസ്സിലാക്കുകയും, തുടർന്ന് ടിക് മാർക്ക് (✓) നൽകിക്കൊണ്ട് എൻറോൾമെന്റ് വിജയകരമായി പൂർത്തീകരിക്കേണ്ടതുമാണ്. തുടർന്ന് രജിസ്റ്റേർഡ് Email- ID ലേക്ക് ലഭ്യമാകുന്ന യൂസർ ഐഡിയും, പാസ്സ്‌വേഡും ഉപയോഗിച്ച് സ്റ്റുഡന്റ് അക്കൗണ്ടിൽ (www.student.ccekcampus.org) ലോഗിൻ ചെയ്തതിനുശേഷം വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുത്ത അഡ്മിഷൻ സ്ലിപ്പും, കോളേജിൽ നിന്നും ലഭ്യമായിട്ടുള്ള അപ്ഡേറ്റഡ് ഫീ കാർഡും കൂടി ആദ്യ ക്ലാസിന് പ്രവേശിക്കുന്ന സമയത്ത് വിദ്യാർഥി അധ്യാപകന്റെ കൈവശം സമർപ്പിക്കുന്നതോടുകൂടിയാണ് വിദ്യാർത്ഥിയുടെ കോഴ്സുമായി ബന്ധപ്പെട്ട പ്രവേശന നടപടിക്രമങ്ങൾ വിജയകരമായി പൂർത്തിയാകുന്നത്. ആയതിനാൽ കോഴ്സുമായി ബന്ധപ്പെട്ട പ്രവേശന നടപടിക്രമങ്ങൾ എല്ലാം തന്നെ വിജയകരമായി പൂർത്തിയായിട്ടുണ്ടെന്ന് വിദ്യാർത്ഥി നിർബന്ധമായും ഉറപ്പുവരുത്തേണ്ടതാണ്. വിദ്യാർത്ഥികളുടെ Students Terms Sheet-ൽ പരാമർശിച്ചിരിക്കുന്ന എല്ലാവിധ നിയമങ്ങളും, നിർദ്ദേശങ്ങളും, ചട്ടങ്ങളും വിദ്യാർഥികൾ കർശനമായി പാലിക്കേണ്ടതുമാണ്.

- കോഴ്സുമായി ബന്ധപ്പെട്ട് കേരള തുടർ വിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്നും, കോളേജുകളിൽ നിന്നും, NSDC-TP യിൽ നിന്നുമുള്ള ഒഫീഷ്യൽ കമ്മ്യൂണിക്കേഷനുകൾ എല്ലാം തന്നെ വിദ്യാർത്ഥികൾ വെബ്സൈറ്റിൽ എൻറോൾമെൻറ് പൂർത്തീകരിച്ചുകൊണ്ട് ക്രിയേറ്റ് ചെയ്തിട്ടുള്ള സ്റ്റുഡന്റ് അക്കൗണ്ട് (www.student.ccekcampus.org) വഴി ആയിരിക്കും വിദ്യാർത്ഥികളെ അറിയിക്കുന്നത്.

- കോഴ്സിന് നിർദ്ദിഷ്ട ഫീസടച്ച് പ്രവേശനം നേടിയിട്ടുള്ള എല്ലാ വിദ്യാർത്ഥികളും നിർബന്ധമായും www.ccekcampus.org എന്ന വെബ്സൈറ്റിൽ SECTION-III എന്ന ഓപ്ഷൻ ഉപയോഗിച്ച് ഓൺലൈൻ എൻറോൾമെൻറ് പ്രോസസ്സ് നിർബന്ധമായും പൂർത്തീകരിക്കുകയും, തുടർന്ന് ലഭ്യമാകുന്ന യൂസർ ഐഡിയും, പാസ്സ്‌വേർഡും ഉപയോഗിച്ച് സ്റ്റുഡൻറ് വെബ്സൈറ്റിൽ ലോഗിൻ ചെയ്യേണ്ടതുമാണ്.

- കോഴ്സുമായി ബന്ധപ്പെട്ട സർക്കുലറുകൾ, നോട്ടിഫിക്കേഷനുകൾ, എക്സാം രജിസ്ട്രേഷൻ, റിസൾട്ട് പബ്ലിഷിംഗ്, സർട്ടിഫിക്കറ്റ് ഡിസ്ട്രിബ്യൂഷൻ സ്റ്റാറ്റസ് തുടങ്ങിയ എല്ലാത്തരം ആക്റ്റിവിറ്റികളെക്കുറിച്ചുമുള്ള വിവരങ്ങൾ ലഭിക്കുന്നതിന് വെബ് പോർട്ടലിൽ വിദ്യാർത്ഥികൾ ഓൺലൈൻ എൻറോൾമെൻറ് പ്രോസസ്സ് നിർബന്ധമായും പൂർത്തീകരിക്കണം. കൂടാതെ റെഗുലർ ആയി പ്രസ്തുത സ്റ്റുഡൻറ് അക്കൗണ്ട് സന്ദർശിക്കേണ്ടതുമാണ്.

**4. കോഴ്സിന് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ www.ccekcampus.org എന്ന CCEK-യുടെ ഔദ്യോഗിക വെബ്സൈറ്റ് മുഖേന ചുവടെ നൽകിയിരിക്കുന്ന വിവിധ SECTION-നുകൾക്കനുസരിച്ച് അവരുടെ പ്രവേശന നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.**

- **SECTION - I കോഴ്സിന് പ്രവേശനം ആഗ്രഹിക്കുന്ന ജനറൽ വിഭാഗം വിദ്യാർത്ഥികൾക്കും, റിസർവേഷൻ വിഭാഗം വിദ്യാർത്ഥികൾക്കും അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്യുന്നതിന്:**

a. കോളേജുകളിൽ നിന്ന് നേരിട്ട് അപേക്ഷാ ഫോം വാങ്ങുവാൻ സാധിക്കാത്ത ജനറൽ കാറ്റഗറി വിദ്യാർത്ഥികൾക്കും, റിസർവേഷൻ കാറ്റഗറി വിദ്യാർത്ഥികൾക്കും അപേക്ഷാ ഫോമുകൾ www.ccekcampus.org എന്ന ഔദ്യോഗിക വെബ്സൈറ്റ് മുഖേന SECTION-I ൽ നൽകിയിട്ടുള്ള "Download Application Form" എന്ന ഓപ്ഷൻ ഉപയോഗിച്ചുകൊണ്ട്, ഡൗൺ ലോഡ് ചെയ്ത്, പ്രിൻറ് ചെയ്യാവുന്നതാണ്.

b. വിദ്യാർത്ഥികൾ അപേക്ഷാ ഫോമിൻറെ താഴെയുള്ള ഭാഗം (Acknowledgement Slip) മുറിച്ചെടുത്തതിനുശേഷം, പൂരിപ്പിച്ച അപേക്ഷാ ഫോമുകൾ പഠിക്കുവാനാഗ്രഹിക്കുന്ന കോളേജിലെ തുടർ വിദ്യാഭ്യാസ ഉപകേന്ദ്രത്തിൽ നേരിട്ട് നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

**Open: www.ccekcampus.org**

**Click ➡ "Download Application Form"**




c. "Download Application Form" എന്ന option ക്ലിക്ക് ചെയ്യുമ്പോൾ താഴെ കാണിച്ചിരിക്കുന്ന window കാണാവുന്നതാണ്. അതിൽ പറഞ്ഞിരിക്കുന്ന പ്രകാരം student details പൂരിപ്പിക്കുകയും, അതിനോടൊപ്പം കോളജ് & കോഴ്സ് select ചെയ്ത് അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉള്ള നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കിയതിനു ശേഷം 'Choose category' എന്ന തലക്കെട്ടിനു താഴെയുള്ള option നിർദ്ദേശങ്ങൾക്ക് അനുസരിച്ച് select ചെയ്ത് security code അടിച്ചതിനുശേഷം "Submit & Download Application Form" എന്ന option ക്ലിക്ക് ചെയ്യുക.

d. കോളേജുകളിൽ നിന്ന് നേരിട്ട് അപേക്ഷ ഫോം വാങ്ങുവാൻ സാധിക്കാത്ത ജനറൽ കാറ്റഗറി വിദ്യാർത്ഥികൾക്കും, റിസർവേഷൻ കാറ്റഗറി വിദ്യാർത്ഥികൾക്കും പ്രസ്തുത അപേക്ഷാഫോം നൽകിയിട്ടുള്ള Download Application Form എന്ന ഓപ്ഷൻ ഉപയോഗിച്ചുകൊണ്ട്, ഓൺലൈൻ ആയി ഡൗൺലോഡ് ചെയ്ത്, പ്രിൻറ് ചെയ്തതിനു ശേഷം, പൂരിപ്പിച്ച

അപേക്ഷാ ഫോമുകൾ വിദ്യാർത്ഥികൾ പഠിക്കുവാൻ ആഗ്രഹിക്കുന്ന കോളേജിലെ തുടർവിദ്യാഭ്യാസ കേന്ദ്രത്തിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്.

## SECTION-1

### Download Application Form for CCEK-NSDC Course Program (2024-2025)

**1. Student Details**

Name of Student *

Mobile Number. *

Confirm Mobile Number *

Email ID *

**2. College & Course**

Choose District

--Select District--

Choose College

---Select College---


Choose Course

---Select Course---

**3. Download Application Form:**

**അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾ നിർബന്ധമായും വായിച്ച് മനസ്സിലാക്കേണ്ട നിർദ്ദേശങ്ങൾ :**

- താഴെ നൽകിയിരിക്കുന്ന ഓപ്ഷനുകളിൽ ക്ലിക്ക് ചെയ്തു കൊണ്ട് കോഴ്സിന് അഡ്മിഷൻ നേടുന്നതിനായുള്ള അപേക്ഷാ ഫോമുകൾ വിദ്യാർത്ഥികൾക്ക് PDF ഫോർമാറ്റിൽ ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുക്കാവുന്നതാണ്. ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുക്കുന്ന അപേക്ഷാ ഫോമുകളിൽ "G24" എന്ന് തുടങ്ങുന്ന ജനറൽ ആപ്ലിക്കേഷൻ നമ്പർ പ്രിന്റ് ചെയ്തിട്ടുണ്ടെന്ന് വിദ്യാർത്ഥികൾ ഉറപ്പു വരുത്തേണ്ടതാണ്. (ഉദാഹരണം : G2412345).
- കോഴ്സിന് റിസർവേഷൻ കാറ്റഗറിയിൽ അഡ്മിഷൻ നേടുന്നതിനായി അപേക്ഷാ ഫോമുകൾ ഡൗൺലോഡ് ചെയ്യുമ്പോൾ ജനറൽ കാറ്റഗറി അപേക്ഷാ ഫോമിനോടൊപ്പം അറ്റാച്ച് ചെയ്ത് സമർപ്പിക്കേണ്ട റിസർവേഷൻ കാറ്റഗറി എൻറോൾമെന്റ് ഷീറ്റുകളും ഓട്ടോമാറ്റിക് ആയി ഡൗൺലോഡ് ചെയ്യപ്പെടുന്നതാണ്. ഇത്തരത്തിൽ ജനറൽ കാറ്റഗറി അപേക്ഷാ ഫോമിനോടൊപ്പം ഓട്ടോമാറ്റിക്കലി ഡൗൺലോഡ് ചെയ്യപ്പെടുന്ന റിസർവേഷൻ കാറ്റഗറി എൻറോൾമെന്റ് ഷീറ്റിൽ ജനറൽ ആപ്ലിക്കേഷൻ നമ്പർ (ഉദാഹരണം : G2412345) തന്നെയാണ് പ്രിന്റ് ചെയ്തിട്ടുള്ളതെന്ന് വിദ്യാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.
- വിദ്യാർത്ഥികൾക്ക് റിസർവേഷൻ കാറ്റഗറിയിൽ കോഴ്സിന് അപേക്ഷിക്കുന്നതിനായി രണ്ടു ഉപവിഭാഗങ്ങളിലായി പ്രത്യേകം എൻറോൾമെന്റ് ഷീറ്റുകൾ ലഭ്യമാണ്. SC/ST/SEBC/OEC റിസർവേഷൻ കാറ്റഗറിയിലേക്ക് അപേക്ഷിക്കുന്നതിനായി വിദ്യാർത്ഥികൾ "Option-B" യിൽ ക്ലിക്ക് ചെയ്തുകൊണ്ട് ജനറൽ കാറ്റഗറി അപേക്ഷാ ഫോമിനോടൊപ്പം "FOR SC/ST/SEBC/OEC CATEGORY" എന്ന് പ്രത്യേകം രേഖപ്പെടുത്തിയ റിസർവേഷൻ കാറ്റഗറി എൻറോൾമെന്റ് ഷീറ്റ് ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുക്കേണ്ടതാണ്. BPL കാറ്റഗറിയിലേക്ക് അപേക്ഷിക്കുന്നതിനായി "Option - C" ക്ലിക്ക് ചെയ്തുകൊണ്ട് ജനറൽ കാറ്റഗറി അപേക്ഷാ ഫോമിനോടൊപ്പം "FOR BPL CATEGORY" എന്ന് പ്രത്യേകം രേഖപ്പെടുത്തിയ റിസർവേഷൻ കാറ്റഗറി എൻറോൾമെന്റ് ഷീറ്റ് ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുക്കേണ്ടതാണ്.
- ഒരേ സമയം SC/ST/SEBC/OEC റിസർവേഷൻ കാറ്റഗറിയിലേക്കും, BPL റിസർവേഷൻ കാറ്റഗറിയിലേക്കും അപേക്ഷിക്കുന്നതിനായി അർഹതയുള്ള വിദ്യാർത്ഥികൾ "Option-D" യിൽ ക്ലിക്ക് ചെയ്തുകൊണ്ട് ജനറൽ കാറ്റഗറി അപേക്ഷാ ഫോമിനോടൊപ്പം റിസർവേഷൻ കാറ്റഗറി എൻറോൾമെന്റ് ഷീറ്റുകൾ (SC/ST/SEBC/OEC CATEGORY and BPL CATEGORY) ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുക്കേണ്ടതാണ്.
- അപേക്ഷാ ഫോമുകൾ ഡൗൺലോഡ് ചെയ്യുന്നതിൽ ഏതെങ്കിലും രീതിയിലുള്ള സാങ്കേതിക തടസ്സം നേരിടുന്ന പക്ഷം വിദ്യാർത്ഥികൾക്ക് 8606919314 എന്ന ഹെൽപ്പ് ലൈൻ നമ്പറിൽ ബന്ധപ്പെട്ട് അപേക്ഷാ ഫോമിന്റെ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്.




- SECTION –II കോഴ്സിന് സംവരണവിഭാഗത്തിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുടെ ഇന്റർവ്യൂ രജിസ്ട്രേഷൻ വെബ്സൈറ്റിൽ പൂർത്തീകരിക്കുന്നതിനുവേണ്ടി :
    - Reservation category യിലേക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ 3 കാര്യങ്ങളാണ് നിർബന്ധമായും ചെയ്യേണ്ടത്:

        a. www.ccekcampus.org എന്ന വെബ്സൈറ്റിൽ section II എന്ന option നിലെ Read Instructions എന്ന option ക്ലിക്ക് ചെയ്ത് അതിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കേണ്ടതാണ്.

        b. ശേഷം വെബ്സൈറ്റിലെ section II ലെ Interview Registration പൂർത്തീകരിക്കുക.


        c. തുടർന്ന് വെബ്സൈറ്റിൽ നിന്നും Interview Registration Slip download ചെയ്ത് print എടുത്ത് sign ചെയ്ത് അപ്ലിക്കേഷൻ ഫോമിന്റെ കൂടെ ബന്ധപ്പെട്ട ഡോക്യൂമെന്റുകളും attach ചെയ്ത് college -ൽ submit ചെയ്യേണ്ടതാണ്.




**Click ➡ Read Instructions**





- "Read Instruction" എന്ന ഓപ്ഷൻ ക്ലിക്ക് ചെയ്യുമ്പോൾ മുകളിൽ തന്നിരിക്കുന്ന window കാണാവുന്നതാണ്. തുടർന്ന് അതിലെ നിർദ്ദേശങ്ങൾ കൃത്യമായി വായിച്ച് മനസ്സിലാക്കുകയും ശേഷം ഏതെങ്കിലും തരത്തിൽ സംശയങ്ങൾ ഉണ്ടാകുന്ന പക്ഷം കൂടുതൽ വിവരങ്ങൾക്കായി 86069 19314 എന്ന ഹെൽപ്പ് ലൈൻ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.
- Home page ലേക്ക് തിരികെ പോകുവാൻ "Back to section - II" എന്ന ഓപ്ഷൻ ക്ലിക്ക് ചെയ്യുക.




CLICK ➡ Interview Registration

- കോളേജുകളിൽ കോഴ്സിന് സംവരണ വിഭാഗ സീറ്റുകളിലേക്ക് പ്രവേശനം നേടുന്നതിനായി അപേക്ഷാ ഫോം സമർപ്പിച്ച വിദ്യാർത്ഥികൾ സംവരണവുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ **SECTION-II** വിലെ **"Interview Registration"** എന്ന ഓപ്ഷൻ ഉപയോഗിച്ചുകൊണ്ട് നിർബന്ധമായും അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയ്യതിക്ക് മുൻപായി വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.
- റാങ്ക് ലിസ്റ്റിലേക്ക് പരിഗണിക്കുന്നതിനായി അപേക്ഷിച്ചിരിക്കുന്ന വിദ്യാർത്ഥികൾക്ക്, വെബ്സൈറ്റിലെ Section-വിലെ "Edit your Interview Registration Details" എന്ന ഓപ്ഷൻ ഉപയോഗിച്ച് Section-III ചെയ്യുന്നത് വരെ ഇന്റർവ്യൂ രജിസ്ട്രേഷൻ ഡീറ്റെയ്ൽസിൽ മാറ്റങ്ങൾ വരുത്താവുന്നതാണ്.

## SECTION-2


Interview Registration for Reserved Category

The students wish to take admission under reserved category should submit the details on-line

1. Application Form Details — Date : 19-05-2024

ജനറൽ ആപ്ലിക്കേഷൻ നമ്പർ ടൈപ്പ് ചെയ്യുമ്പോൾ നിങ്ങൾക്ക് ലഭിച്ചിട്ടുള്ള ആപ്ലിക്കേഷൻ ഫോമിൽ കൊടുത്തിരിക്കുന്ന അക്ഷരങ്ങളും അക്കങ്ങളും സ്പേസ് ഇല്ലാതെ അടുത്തടുത്തായി രേഖപ്പെടുത്തുക. ഉദാഹരണമായി G2412345

General Application Form Number *

General application form number

Confirm General Application Form Number*

Re type application form number

2. Reservation Category

Reservation Category *

SC ST SEBC OEC None

Do you want to apply for BPL reservation ?

Yes No

3. Course Detilas

Choose the District where you want to study *

-- Select District --

Choose the College where you want to study *

-- Select College --

Choose the Course *

---Select Course---

4. Student Details

Name of Student * (As in SSLC Certificate)

Student's Name*

Date of Birth*

2010 January 1

Gender *

Male

Phone Number *

(OTP will be sent to this mobile phone number for verification)

Email ID *

(Security code will be sent to this email id for verification)

5. Marks Obtained in 10th Examination

Scheme of Examination

-- Select Scheme --

6. Security Code

5kjfy

Enter Security Code

I do hereby declare that the particulars given above are true.

Submit Details

- മുകളിൽ കൊടുത്തിരിക്കുന്ന Window പ്രകാരം Application Form Details, Reservation Category, Course Details, Student Details, Mark Obtained in 10th Examination എന്നിവ select ചെയ്തതിനു ശേഷം security code ടൈപ്പ് ചെയ്ത് "submit button" ക്ലിക്ക് ചെയ്യുക .
- "Mark Obtained in 10th Examination" എന്ന് ഓപ്ഷനിൽ Grade Select ചെയ്യുമ്പോൾ അതിനനുസരിച്ചുള്ള Percentage Automatically Generate ആയിവരും . "Submit button" ക്ലിക്ക് ചെയ്യുമ്പോൾ ഉണ്ടാവുന്ന view ആണ് താഴെ കാണിക്കുന്നത്.

Government of Kerala

CENTRE FOR CONTINUING EDUCATION KERALA

**Student Enrollment Form**

വിദ്യാർത്ഥിയുമായി ബന്ധപ്പെട്ടുള്ള താഴെ പറയുന്ന വിവരങ്ങൾ സൂക്ഷമായി പരിശോധിച്ചു എന്തെങ്കിലും വ്യത്യാസമുണ്ടങ്കിൽ "അപ്ലിക്കേഷൻ എഡിറ്റ് " ഓപ്ഷൻ ഉപയോഗിച്ച് മാറ്റങ്ങൾ വരുത്തി സബ്മിറ്റ് ചെയ്യേണ്ടതാണ്

| Personal Details | |
|---|---|
| Application Form No. | **G2090266** |
| First Name of Student | ANJU |
| Last Name of Student | NITTO |
| Date of Birth | 17-10-1995 |
| Gender | Female |
| Mobile Number | 7034792639 |
| **Course Details** | |
| Course Name | Advanced Diploma in Logistics and Supply Chain Management [ ADLSCM ] |
| Name of College | Bishop Moore College, Mavelikkara |
| Reservation Category | SC |
| Applied for BPL Reservation? | Yes |

Index Mark

| KERALA STATE SSLC (10 Subject) | | |
|---|---|---|
| 1 | Malayalam I | A+ |
| 2 | Malayalam II | A+ |
| 3 | English | B+ |
| 4 | Hindi | A+ |
| 5 | Social Science | B+ |
| 6 | Physics | B+ |
| 7 | Chemistry | B+ |
| 8 | Biology | A+ |
| 9 | Mathematics | B+ |
| 10 | Information Technology | A+ |
| | Aggregate Percentage | 88.89% |

Edit Application | Finish Application

- Then 'Finish Application ' എന്ന option ക്ലിക്ക് ചെയ്യുക.
- ഇൻർവ്യൂ രജിസ്ട്രേഷൻ വിവരങ്ങളിൽ മാറ്റങ്ങൾ വരുകയാണെങ്കിൽ കോഴ്സിന് സംവരണ വിഭാഗത്തിൽ പ്രവേശനം നേടുന്നതിനായി അപേക്ഷാഫോമുകൾ സമർപ്പിക്കേണ്ടതിനായി തീരുമാനിച്ച് വിദ്യാർത്ഥികളെ അറിയിച്ച അവസാന തിയ്യതി വരെ വിദ്യാർഥികൾക്ക് സെക്ഷൻ II-വിലെ "Edit Your Interview Registration Details" എന്ന ഓപ്ഷൻ ഉപയോഗിച്ച് ഇൻർവ്യൂ രജിസ്ട്രേഷൻ വിവരങ്ങളിൽ മാറ്റം വരുത്താവുന്നതാണ്.

Section-II

**Registration for Reserved Category**
(For Reservation categories only)
SC/ST, BPL, SEBC/OEC
CCEK-NSDC Course Programme 2024-2025

റിസർവേഷൻ കാറ്റഗറിയിൽ അഡ്മിഷൻ നേടുന്നതിനായി അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി മാത്രം :

കോളേജുകളിൽ റിസർവേഷൻ സീറ്റുകളിലേക്ക് അഡ്മിഷൻ നേടുന്നതിനായി അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ റിസർവേഷനുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ചുവടെ നൽകിയിരിക്കുന്ന "Interview Registration" എന്ന ഓപ്ഷൻ ഉപയോഗിച്ച് അപ്ഡേറ്റ് ചെയ്യുന്നതിന് മുൻപായി, ചുവടെ നൽകിയിരിക്കുന്ന Read Instructions എന്ന ഓപ്ഷൻ ക്ലിക്ക് ചെയ്തുകൊണ്ട് ലഭ്യമാകുന്ന നിർദ്ദേശങ്ങൾ നിർബന്ധമായും വായിച്ചു മനസ്സിലാക്കേണ്ടതാണ്.

Read Instructions << Click Here

Interview Registration << Click Here

Edit Your Interview Registration Details << Click Here

CLICK ➡ Edit your Interview Registration Details




- Application number (e.g : G2490001), Phone number, Date of Birth എന്നിവ കൃത്യമായി ടൈപ്പ് ചെയ്ത് login ചെയ്യുക.





- തുടർന്ന് "Edit Application Form" എന്ന option click ചെയ്യുക അതിനുശേഷം എഡിറ്റ് ചെയ്യേണ്ട കാര്യങ്ങൾ " Update Application" എന്ന ഓപ്ഷൻ ക്ലിക്ക് ചെയ്യുക.
- SECTION -II പൂർത്തീകരിച്ച വിദ്യാർത്ഥികൾ CCEK-യുടെ വെബ്സൈറ്റിൽ നിന്നും GENERATE ചെയ്യുവരുന്ന " Acknowledgement Slip on Reservation Request " പ്രിൻറ് എടുത്ത് Sign ചെയ്തതിനു ശേഷം സംവരണത്തിന് അപേക്ഷിക്കുന്ന അവസാന തിയ്യതിക്ക് മുൻപായി കോളേജിൽ ജനറൽ അപേക്ഷാ ഫോമിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- ഇത്തരത്തിൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികളെ മാത്രമേ റിസർവേഷന് SSLC യുടെ അഗ്രിഗേറ്റ് Mark-നെ അടിസ്ഥാനപ്പെടുത്തികൊണ്ട് വെബ്സൈറ്റിൽ നിന്നും ജനറേറ്റ് ചെയ്യുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി പരിഗണിക്കുകയുള്ളൂ.
- കൂടുതൽ വിവരങ്ങൾക്കായി റിസർവേഷൻ ഗൈഡ് ലൈൻസ് വായിക്കുക.(Home page ലെ Reservation guide lines)

- **SECTION – III കോഴ്സിന് നിർദ്ദിഷ്ട ഫീസടച്ച് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ഓൺലൈൻ എൻറോൾമെൻറ് പൂർത്തീകരിക്കുന്നതിനുവേണ്ടി :**


  - കോഴ്സിന് നിർദ്ദിഷ്ട ഫീസടച്ച് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ പ്രവേശന നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി വെബ്സൈറ്റിൽ **SECTION-III** യിൽ എൻറോൾമെൻറ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ വിദ്യാർത്ഥികൾ പൂർത്തീകരിക്കേണ്ടതാണ്.
  - നിർദ്ദിഷ്ട ഫീസടച്ച് പ്രവേശനം നേടിയ വിദ്യാർത്ഥികൾ **www.ccekcampus.org** എന്ന **CCEK**-യുടെ ഔദ്യോഗിക വെബ്സൈറ്റിൽ (**Application number, Phone number, Date of Birth** എന്നിവ ഉപയോഗിച്ചുകൊണ്ട്) ലോഗിൻ ചെയ്ത് SECTION-III യിലെ "**ENROLLMENT FOR FEE PAID STUDENTS"** എന്ന ഓപ്ഷൻ ഉപയോഗിച്ചുകൊണ്ട് എൻറോൾമെൻറ് വിജയകരമായി പൂർത്തീകരിക്കേണ്ടതാണ്.

  Open ➡ www.ccekcampus.org





CLICK ➡ Enrollment For Fee Paid Students

- Online enrollment ചെയ്യുന്ന സമയത്ത് രജിസ്റ്റേർഡ് മൊബൈൽ നമ്പറിലേക്കുള്ള OTP വെരിഫിക്കേഷൻ പൂർത്തീകരിച്ച് വിദ്യാർത്ഥിയുടെ Photo, SSLC, Adhaar Card എന്നീ ഡോക്യൂമെൻറുകൾ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതും, കൂടാതെ വിദ്യാർത്ഥികൾ Students Terms Sheet വ്യക്തമായി വായിച്ച് മനസ്സിലാക്കുകയും, ശേഷം Students Terms Sheet സ്റ്റുഡന്റ് അക്കൗണ്ടിലൂടെ തന്നെ സബ്മിറ്റ് ചെയ്യേണ്ടതാണ്.
- കൂടാതെ Students Terms Sheet -ൽ പരാമർശിച്ചിരിക്കുന്ന വിവിധ നിയമങ്ങളും ചട്ടങ്ങളും വിദ്യാർത്ഥികൾ കർശനമായി പാലിക്കേണ്ടതുമാണ്.





- Application number(Eg. G2490001), Date of Birth (yyyy/mm/dd) എന്നിവ കൃത്യമായി ടൈപ്പ് ചെയ്തതിനുശേഷം "Submit Application Number" എന്ന ഓപ്ഷൻ ക്ലിക്ക് ചെയ്യുക. അപ്പോൾ താഴെ കാണിച്ചിരിക്കുന്ന window കാണാവുന്നതാണ്.






- മുകളിൽ കൊടുത്തിരിക്കുന്ന window പ്രകാരം students details, course details, source of course information received എന്നിവ select ചെയ്തതിനു ശേഷം security code ടൈപ്പ് ചെയ്ത് 'submit button' ക്ലിക്ക് ചെയ്യുക.




- മുകളിൽ കൊടുത്തിരിക്കുന്ന window- യിൽ നിങ്ങളുടെ മൊബൈൽ ഫോണിൽ ലഭിച്ചിട്ടുള്ള OTP number, Mail- ൽ വന്നിട്ടുള്ള security code എന്നിവ ടൈപ്പ് ചെയ്യുക. ശേഷം "Verify Mobile Phone & Email ID" ക്ലിക്ക് ചെയ്യുക.

**Finish Application Form**

| | |
|---|---|
| **1. Application Form Details** | |
| Application Form No. | **G2412345** |
| **2. Personal Details** | |
| Name of Student * (As in SSLC Certificate) | CHITHRA |
| Gender | ◉ Male ○ Female ○ Transgender |
| Marital Status | ◉ Single ○ Married ○ Divorcee ○ Widow/Widower |
| Date of Birth | 2010 ▾ January ▾ 1 ▾ |
| Aadhaar No.* | |
| Confirm Aadhaar No.* | |
| Father's /Guardian's Name * *(As in SSLC Certificate)* | |
| Mother Maiden Name* *(As in SSLC Certificate)* | |
| Birth Place* (As in SSLC Certificate) | |
| Physically Handicaped | ☐ Physicaly Handicapped |
| **3. Present Contact Details** | |
| Present House Address* | |
| Present Place | |
| Present City | |
| Present State* | ---Select State--- ▾ |
| Present District | ▾ |
| Present Pincode * | |
| Tehsil ( Taluk)* | ▾ |
| Parliamentary Constituency* | ---Select Parliamentary Constituency--- ▾ |

| | |
|---|---|
| **5. Contact Numbers & Email ID** * | |
| Phone No. | |
| Mobile No. | 7510109111 ✓ |
| E-mail ID | iib.spdmmailbox2@gmail.com ✓ |
| **6. Qualifications** | |
| Academic Qualification * | |
| Technical Qualification | ○ Yes ◉ No |
| **7. Religion & Caste** | |
| Religion | Christian ▾ |
| Caste* | |
| **8. Admission Details** | |
| Name of College | Bishop Moore College, Mavelikkara |
| Name of Course | Professional Diploma in Fitness Training |
| NSDC Assessment Mode | NSDC-SSC Assessment |
| Date of Fee Payment* | mm/dd/yyyy |
| Amount of Fee Paid * | |
| Receipt Number of Fee Payment* | |
| Upload Recent Photograph [Size : width: 150 pixel, height : 200 pixels, Maximum file size : 30 kb File Type : jpg ] | Choose File No file chosen |
| | Finish Registration Process |

- മുകളിൽ കൊടുത്തിരിക്കുന്ന window പ്രകാരം Application form details, Personal details, Present contact details, Permanent Address, Contact Numbers & Email ID, Qualifications, Religion & Caste, Admission Details (*Date of payment യിൽ mm / dd/yy എന്ന ഫോർമാറ്റ് use ചെയ്യുക.*) എന്നിവ select ചെയ്ത ശേഷം 'Finish Registration Process' എന്ന button ക്ലിക്ക് ചെയ്യുക.

**CENTRE FOR CONTINUING EDUCATION KERALA**

Student Enrollment Form

വിദ്യാർത്ഥിയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന വിവരങ്ങൾ സൂക്ഷ്മമായി പരിശോധിച്ച എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ "Application Edit" ഓപ്ഷൻ ഉപയോഗിച്ച് മാറ്റങ്ങൾ വരുത്തി സബ്മിറ്റ് ചെയ്യേണ്ടതാണ്

[Application Edit]

| | |
|---|---|
| **Personal Details** | |
| Application Form No. | **G2412345** |
| Name of Student | CHITHRA |
| Gender | Female |
| Date of Birth | 01-01-2010 |
| Aadhaar No. | 783675060220 |
| Father's/Guardian's Name | TEST |
| Mother Maiden Name | TEST |
| Birth Place (As in SSLC Certificate) | test |
| Religion & Caste | Christian , rc |
| Academic Qualification | plustwo |
| Technical Qualification | No |
| Physically Handicaped | N/A |
| **Present Contact Details** | |
| Present Address | aaaaaaaaaaaaaaaaaaasaFSGDFH, aadssnusfnnussadb , thrisuur, Thrissur, 680027, Kerala |
| Tehsil (Taluk) | Chalakudy |
| Parlimentary Constituency | Chalakudy |
| Phone No. | 7510109112, 7510109111 |
| E-mail ID | iib.spdmmailbox2@gmail.com |
| **Permanent Address** | |
| Permanent Address | aaaaaaaaaaaaaaaaaaasaFSGDFH , SAFGHTJY5 , tbjjjsd , Thrissur , 680027 , Kerala |
| Tehsil (Taluk) | Chalakudy |
| Parlimentary Constituency | Chalakudy |
| **Admission Details** | |
| Name of College | Bishop Moore College, Mavelikkara |
| Course Name | Professional Diploma in Fitness Training |
| NSDC Assessment Mode | NSDC-SSC Assessment |
| Date of Fee Payment | 28-05-2024 |
| Ammount of Fee Paid | 10000 |
| Receipt Number of Fee Paid | 25267 |
| **Upload Documents** | |
| Upload Copy of Aadhaar Card (Both side) Max. file size : 1 MB File Type : pdf | [Choose File] No file chosen [Submit Aadhaar Card] |
| Upload Copy of 10th Certificate Max. file size : 1 MB File Type : pdf | [Choose File] No file chosen [Submit 10th Certificate] |
| Student's Terms Sheet | **Read Student's Terms Sheet** |

☐ I confirm that I have read and understood what is stated in the Student's Terms Sheet given above and will abide by the requirements of CCEK, NSDC TP and the Center for Continuing Education Cell in the College.

- Finish Registration Process എന്ന button ക്ലിക്ക് ചെയ്യതിനുശേഷം തുറന്ന് വരുന്ന window പ്രകാരം Personal details, Present contact details, Permanent Address, Admission details എന്നീ വിവരങ്ങൾ സൂക്ഷിച്ച പരിശോധിച്ച എന്തെങ്കിലും വ്യത്യാസം ഉണ്ടെങ്കിൽ 'Application Edit' എന്ന ഓപ്ഷൻ ഉപയോഗിച്ച് മാറ്റങ്ങൾ വരുത്താവുന്നതാണ്.

- തുടർന്ന് ആവശ്യപ്പെട്ടിരിക്കുന്ന ഡോക്യുമെന്റുകൾ upload ചെയ്യതിനു ശേഷം 'Submit Application Form' എന്ന button ക്ലിക്ക് ചെയ്യുക.

- ഫീസിന്റെ ആദ്യതവണ അടച്ച വിവരങ്ങൾ വിദ്യാർത്ഥികൾ തന്നെയാണ് രജിസ്ട്രേഷൻ സമയത്ത് അപ്ഡേറ്റ് ചെയ്യുന്നത്.

- OTP വെരിഫിക്കേഷൻ പൂർത്തീകരിച്ച ഇ-മെയിൽ ഐഡിയിൽ ലഭ്യമാകുന്ന യൂസർ ഐഡിയും, പാസ്സ്‌വേർഡും ഉപയോഗിച്ച് സ്റ്റുഡന്റ് അക്കൗണ്ടിൽ (**www.student.ccekcampus.org**) വിദ്യാർത്ഥി ലോഗിൻ ചെയ്യുമ്പോൾ വിദ്യാർത്ഥിയുടെ സ്റ്റാറ്റസ് "**Admission Fees Not Verified**" എന്നായിരിക്കും.

- നിർദ്ദിഷ്ട ഫീസടച്ച് പ്രവേശന നടപടിക്രമങ്ങൾ പൂർത്തീകരിച്ച് 7 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ സ്റ്റുഡന്റ് അക്കൗണ്ടിൽ (**www.student.ccekcampus.org**) വിദ്യാർത്ഥി "**Admission Fees Verified**" എന്ന സ്റ്റാറ്റസിലേക്ക മാറുന്നതാണ്.

- പ്രവേശന നടപടിക്രമങ്ങൾ പൂർത്തീകരിച്ച് 7 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ സ്റ്റുഡന്റ് അക്കൗണ്ടിൽ (**www.student.ccekcampus.org**) വിദ്യാർത്ഥിയുടെ **Admission Fee Verification status = "Yes"** എന്നതിനുപകരം "No" എന്ന് തന്നെയാണെങ്കിൽ **99 46 10 92 90** എന്ന ഹെൽപ്ലൈൻ നമ്പറിൽ ബന്ധപ്പെട്ട് വിവരം ബോധിപ്പിക്കുകയും ശേഷം സ്റ്റുഡന്റ് അക്കൗണ്ടിലെ **Admission fee verification status "Yes"** എന്ന സ്റ്റാറ്റസിലേക്ക് മാറിയിട്ടുണ്ടെന്ന് വിദ്യാർത്ഥികൾ നിർബന്ധമായും ഉറപ്പുവരുത്തേണ്ടതാണ്.

- വിദ്യാർത്ഥികൾ ആദ്യ ക്ലാസിന് പ്രവേശിക്കുന്ന സമയത്ത് ബാച്ച് എൻട്രി ഡോക്യുമെന്റുകളായ Admission Slip ,Fee Card നിർദ്ദിഷ്ട ഡോക്യുമെന്റുകളും അധ്യാപകന്റെ കൈവശം വിദ്യാർത്ഥികൾ പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതാണ്.
- കൂടാതെ സംവരണ വിഭാഗത്തിലേക്ക് പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ സ്റ്റുഡൻറ്സ് സൈറ്റിൽ (www.student.ccekcampus.org) വിദ്യാർത്ഥിയുടെ "ADMISSION CATEGORY = RESERVATION" എന്നും ELIGIBLE FOR RESERVATION = "YES" എന്നും RESERVATION CATEGORY = "SC/ST/SEBC/OEC/BPL" എന്നും, കൂടാതെ വിദ്യാർത്ഥികൾക്കായി അസൈൻ ചെയ്യപ്പെട്ടിട്ടുള്ള ബാച്ചിന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും നിർബന്ധമായും പരിശോധിക്കേണ്ടതാണ്.
- ജനറൽ വിഭാഗത്തിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികളുടെ "ADMISSION CATEGORY = "GENERAL", ELIGIBLE FOR RESERVATION = "NO", RESERVATION CATEGORY = "NA" എന്നും, കൂടാതെ വിദ്യാർത്ഥികൾക്കായി അസൈൻ ചെയ്യപ്പെട്ടിട്ടുള്ള ബാച്ചിന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്.
- മേൽപ്പറഞ്ഞ രീതികളിൽ നിന്നും വ്യത്യസ്തമായി വിവരങ്ങൾ തെറ്റായി സ്റ്റുഡൻറ്സ് സൈറ്റിൽ വരുന്ന പക്ഷം 80 86 999 110 എന്ന ഹെൽപ്പ് ലൈൻ നമ്പറിൽ ബന്ധപ്പെട്ട് വിവരം ബോധിപ്പിക്കുകയും ശേഷം സ്റ്റുഡൻറ്സ് സൈറ്റിലെ തെറ്റുകൾ തിരുത്തിയിട്ടുണ്ടെന്ന് വിദ്യാർത്ഥി നിർബന്ധമായും ഉറപ്പുവരുത്തേണ്ടതാണ്.

**അഡ്മിഷൻ വിജയകരമായി പൂർത്തീകരിച്ച വിദ്യാർത്ഥികളുടെ ബാച്ചുകൾ തരംതിരിച്ചതിനുശേഷം ക്ലാസ്സ് ആരംഭിക്കുന്ന തിയ്യതി വിദ്യാർത്ഥികളെ ഫോൺ മുഖേന അറിയിക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ ഇത്തരത്തിലുള്ള അറിയിപ്പുകൾ ഒരാഴ്ച്ചയ്ക്കുള്ളിൽ ലഭിക്കാത്ത പക്ഷം 8606919314 എന്ന ഹെൽപ്പ് ലൈൻ നമ്പറിൽ ബന്ധപ്പെട്ട് ക്ലാസ്സ് തുടങ്ങുന്ന തിയ്യതി വിദ്യാർത്ഥി ഉറപ്പുവരുത്തേണ്ടതുമാണ്.**

**അഡ്മിഷൻ ഗൈഡ് ലൈൻസ് വായിച്ച് മനസ്സിലാക്കുകയും, തുടർന്ന് കൂടുതൽ സംശയങ്ങൾ ഉണ്ടാകുന്ന പക്ഷം വിദ്യാർത്ഥികൾ 8606919314 എന്ന ഹെൽപ്പ് ലൈൻ നമ്പറിൽ ബന്ധപ്പെടുകയും ചെയ്യേണ്ടതാണ്.**